**രാജ്യത്തിൻ പ്രതിഫലമായി പ്രാപിക്കുവാനായുള്ള ഒന്നാമത്തെ വ്യവസ്ഥ—കർത്താവിന്റെ പ്രത്യക്ഷതയെ നാം സ്നേഹിക്കുക**

**I. നമ്മുടെ രാജ്യത്തിൻ പ്രതിഫലമായി ക്രിസ്തുവിനെ നാം ആസ്വദിക്കുന്നതിനായി കർത്താവിന്റെ പ്രത്യക്ഷതയെ നാം സ്നേഹിക്കണം, അത് ഇന്ന് നമുക്ക് അവന്റെ പ്രത്യക്ഷതയും വെളിപ്പെടലും, അവന്റെ രണ്ടാം വരവിൽ അവന്റെ ജനത്തോടുകൂടെയുള്ള അവന്റെ സാന്നിധ്യവുമാണ്**

- കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുന്നതും കർത്താവിനെത്തന്നെ സ്നേഹിക്കുന്നതും വേർപിരിക്കാനാവാത്തതാണ്
- നാല് പ്രത്യേകതരം സ്നേഹികൾ: സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, ഭോഗസ്നേഹികൾ, ദൈവസ്നേഹികൾ; ഒരുവൻ എന്തിനെ സ്നേഹിക്കുന്നുവോ, അവന്റെ ഹൃദയം മുഴുവനും, അവന്റെ മുഴുവൻ ആളത്തംപോലും അതിന്മേൽ ഉറപ്പിക്കപ്പെടുകയും, അതിൽ വ്യാപൃതനായി അതിനാൽ കൈവശമാക്കപ്പെടുകയും ചെയ്യുന്നു; ഇത് നിർണായകമാണ്!
- സഭയുടെ തകർച്ചയുടെ മൂലകാരണം കർത്താവിനോടുള്ള അവളുടെ ആദ്യസ്നേഹത്തിന്റെ നഷ്ടമായിരുന്നുവെന്ന് ചരിത്രം പറയുന്നു
- സഭയുടെ വിജയകരമായ നിലവാരം നിലനിർത്തുവാൻ നാം ദൈവസ്നേഹികളായിരിക്കണം.
- നീതിയുടെ കിരീടം നൽകപ്പെടുന്നത് കർത്താവിന്റെ കൃപയ്ക്കനുസരിച്ചല്ല, മറിച്ച് അവന്റെ നീതിക്കനുസരിച്ചാണ്, അത് നൽകുന്നവൻ നീതിമാനായ ന്യായാധിപനായ കർത്താവായിരിക്കും

**രാജ്യത്തിൻ പ്രതിഫലമായി പ്രാപിക്കുവാനായുള്ള രണ്ടാമത്തെ വ്യവസ്ഥ—ക്രിസ്തുവിനെ വ്യക്തിനിഷ്ഠ നീതിയായ് ജീവിച്ചു വെളിപ്പെടുത്തുക—ചിത്രത്തയ്യലുള്ള വസ്ത്രം**

**II. അടുത്ത യുഗത്തിൽ നമ്മുടെ നീതിയുടെ കിരീടമായി ക്രിസ്തുവിനെ പ്രതിഫലമായ് പ്രാപിക്കുന്നതിനായ്, ഈ യുഗത്തിൽ നമ്മുടെ വ്യക്തിനിഷ്ഠനായി നാം അവനെ അനുഭവിക്കുകയും ആസ്വദിക്കുകയും നീതി വെളിപ്പെടുത്തി ജീവിക്കുകയും വേണം**

- വിശ്വാസികൾക്ക് ക്രിസ്തു നീതിയായിരിക്കുന്നതിന് രണ്ടു വശങ്ങളുണ്ട്: വസ്തുനിഷ്ടമായ നീതിയും വ്യക്തിനിഷ്ഠമായ നീതിയും
- നീതിയുടെ ഈ രണ്ടു വശങ്ങൾ സങ്കീർത്തനം 45:13-14-ലെ രാജ്ഞിയുടെ രണ്ടു വസ്ത്രങ്ങളാൽ മുൻകുറിക്കപ്പെടുന്നു:
  - നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള വസ്തുനിഷ്ഠനീതിയായ പൊൻകസവു കൊണ്ടുള്ള വസ്ത്രം
    - അനേകം കഷ്ടങ്ങളിലൂടെയും മരണപുനരുത്ഥാനങ്ങളിലൂടെയും കൈകാര്യം ചെയ്യപ്പെട്ടവനായ ക്രിസ്തു സഭയുടെ നീതിയായിത്തീരുന്നു
  - നമ്മുടെ വിജയത്തിനുവേണ്ടിയുള്ള വ്യക്തിനിഷ്ഠമായ നീതിയായ ചിത്രത്തയ്യലുള്ള വസ്ത്രം
    - ചിത്രത്തയ്യലുള്ള വസ്ത്രം, നാം ജീവിച്ചു വെളിപ്പെടുത്തുന്ന നീതിയായിരിക്കുവാൻ നമ്മുടെ സ്വഭാവത്തിലേക്ക് നെയ്തുചേർത്തിരിക്കുന്ന, നമ്മുടെ ആളത്തത്തിലേക്ക് ചിത്രത്തയ്യൽ ചെയ്യപ്പെട്ട, വ്യക്തിനിഷ്ഠനായ ക്രിസ്തുവാണ്
    - ഈ ചിത്രത്തയ്യൽ ക്രിസ്തുവിനെ നമ്മുടെ വിവാഹവസ്ത്രമായിരിക്കുവാൻ, ക്രിസ്തുവിനെ നമ്മിലേക്ക് തുന്നിച്ചേർക്കുവാൻ, ദിനംപ്രതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയെ സൂചിപ്പിക്കുന്നു
    - ഈ വസ്ത്രത്തിനായ് നാം വില കൊടുക്കേണ്ടതാവശ്യമാണ്

**ഇപ്രകാരം ജയാളികളായി തീരുന്നവർക്കുള്ള പ്രതിഫലം**

**III. "കർത്താവ് എന്നെ... അവന്റെ സ്വർഗീയ രാജ്യത്തിലേക്ക് രക്ഷിക്കും"—2 തിമൊ. 4:18**

- നീതിയുടെ കിരീടത്തിന് തുല്യമായ സ്വർഗീയ രാജ്യം അത് ജയാളികളായ വിശുദ്ധന്മാർക്ക് ഒരു പ്രതിഫലമായിരിക്കും
- ജയാളികളായ വിശ്വാസികൾ സ്വർഗ്ഗരാജ്യത്തിന്റെ പ്രത്യക്ഷതയായ സ്വർഗ്ഗരാജ്യത്തിൽ പങ്കുചേരും
  - അവർ അവരുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും
  - അവർ തങ്ങളുടെ കർത്താവുമായുള്ള പുതിയ ഉടമ്പടിയുടെ പാനപാത്രം പുതുതായി കുടിക്കും
  - അവർ പഴയനിയമ ജയാളികളോടുകൂടെ വിരുന്നു കഴിക്കും
  - അവർക്ക് സ്വർഗരാജ്യം സന്തോഷകരമായ ഒരു അവകാശമായിരിക്കും
  - അവർക്ക് ദിവ്യ ജീവന്റെ ഒരു പൂർണാസ്വാദനം ഉണ്ടായിരിക്കും
  - അവർ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിക്കുകയും, അങ്ങനെ അവരുടെ ദേഹിയെ നേടുകയും, അവരുടെ ദേഹിയെ രക്ഷിക്കുകയും അവരുടെ ദേഹിയുടെ രക്ഷ ആസ്വദിക്കുകയും ചെയ്യും
  - അവർ ക്രിസ്തുവിനോടുകൂടെ വാഴുകയും രാഷ്ട്രങ്ങളുടെമേൽ ഭരണം നടത്തുകയും ചെയ്യും


അടുത്ത പേജ് കാണുക 👇

## ക്രിസ്തു നമ്മുടെ നീതിയായിരിക്കുന്ന രണ്ട് വശങ്ങളുടെ 12 പോയിന്റുകൾ

| ഒന്നാമത്തെ വസ്ത്രം—വസ്തുനിഷ്ഠ നീതിയുടെ വസ്ത്രം | രണ്ടാമത്തെ വസ്ത്രം—വ്യക്തിനിഷ്ഠ നീതിയുടെ വസ്ത്രം |
|---|---|
| Of grace through faith<br>കൃപയാൽ വിശ്വാസം മുഖാന്തരം | Of righteousness through works<br>നീതിയാൽ പ്രവൃത്തി മുഖാന്തരം |
| Satisfying the requirements of the righteous God<br>നീതിമാനായ ദൈവത്തിന്റെ ആവശ്യകതകൾ തൃപ്‌തിപ്പെടുത്തുന്നു | Satisfying the requirements of the victorious Christ<br>വിജയിയായ ക്രിസ്തുവിന്റെ ആവശ്യകതകൾ തൃപ്‌തിപ്പെടുത്തുന്നു |
| Sinners justified before God<br>പാപികൾ ദൈവമുമ്പാകെ  നീതീകരിക്കപ്പെടുന്നു | Saints approved before Christ<br>വിശുദ്ധന്മാർ ക്രിസ്തുമുമ്പാകെ  അംഗീകരിക്കപ്പെടുന്നു |
| Sinners to be saved<br>പാപികൾ രക്ഷപ്പെടുവാൻ | Believers to overcome<br>വിശ്വാസികൾ ജയിക്കുവാൻ |
| For Judicial redemption<br>നൈതിക വീണ്ടെടുപ്പിന് | For Organic salvation<br>ജൈവിക രക്ഷയ്ക്കു |
| Believing into Christ<br>ക്രിസ്തുവിലേക്ക് വിശ്വസിക്കുന്നത് | Magnifying Christ<br>ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നത് |
| Christ living in us<br>ക്രിസ്തു നമ്മിൽ ജീവിക്കുന്നു | We abiding in Christ<br>നാം ക്രിസ്തുവിൽ വസിക്കുന്നു |
| Becoming children of God<br>ദൈവമക്കൾ ആയിത്തീരുന്നു | Becoming bride of Christ<br>ക്രിസ്തുവിന്റെ മണവാട്ടിയായിത്തീരുന്നു |
| Called for the Father's feast<br>പിതാവിന്റെ വിരുന്നിന് വിളിക്കപ്പെടുന്നു | Chosen for the Lord's marriage feast<br>കർത്താവിന്റെ വിവാഹ വിരുന്നിന്  തിരഞ്ഞെടുക്കപ്പെടുന്നു |
| Righteousness by faith<br>വിശ്വാസത്താൽ നീതിമാനാകുന്നു | Righteousness lived out<br>നീതിയെ ജീവിച്ചു വെളിപ്പെടുത്തുന്നു |
| For justification<br>നീതീകരിക്കപ്പെടുന്നു | Our entire being becoming righteousness<br>നമ്മുടെ മുഴു ആളത്തവും നീതിയായിത്തീരുന്നു |
| Receiving eternal life<br>നിത്യജീവൻ പ്രാപിക്കുന്നു | Receiving kingdom reward<br>രാജ്യത്തിൻ പ്രതിഫലം പ്രാപിക്കുന്നു |